പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.91 — 01.07.2015 ൽ മറുപടിക്ക്

## നെൽവയൽ നീർത്തട സംരക്ഷണ നിയമം

ചോദ്യം — ഉത്തരം

ശ്രീ.തോമസ് ചാണ്ടി :
ശ്രീ.എ.കെ.ശശീന്ദ്രൻ :

ശ്രീ .അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെൽവയൽ നീർത്തട സംരക്ഷണ നിയമത്തിൽ നിഷ്കർഷിക്കുന്ന ഡാറ്റാ ബാങ്കുകൾ പൂർത്തീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ; | (എ) | അന്തിമ ഡാറ്റാ ബാങ്ക് വിജ്ഞാപനം പൂർത്തീകരിച്ചിട്ടില്ല. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഡാറ്റാ ബാങ്ക് തയ്യാറാക്കി അംഗീകരിക്കുന്നത് ബന്ധപ്പെട്ട കൃഷി ഓഫീസർ കൺവീനറായ പ്രാദേശികതല നിരീക്ഷണ സമിതികളും അവ ഗസറ്റ് വിജ്ഞാപനം നടത്തുന്നത് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരുമാണ്. കരട് ഡാറ്റാ ബാങ്ക് ഏറെക്കുറെ പൂർണ്ണമായും തയ്യാറാക്കി കഴിഞ്ഞുവെങ്കിലും ആയത് പ്രസിദ്ധീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. സംസ്ഥാനത്ത് 978 ഗ്രാമപഞ്ചായത്തുകൾ ഉള്ളതിൽ 21 ഗ്രാമപഞ്ചായത്തുകളിൽ നെൽവയലുകളോ, തണ്ണീർത്തടങ്ങളോ ഇല്ല. ശേഷിക്കുന്ന 957 ഗ്രാമപഞ്ചായത്തുകളിൽ ഏറ്റവും ഒടുവിലെ കണക്ക് പ്രകാരം 677 ഗ്രാമപഞ്ചായത്തുകൾ ഡാറ്റാ ബാങ്ക് തയ്യാറാക്കി ഗവൺമെന്റ് |

| | | | |
|---|---|---|---|
| | | | പ്രസ്സിൽ നൽകിയിട്ടുണ്ട്. 238 ഗ്രാമപഞ്ചായത്തുകളിൽ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br>2008 ലെ നെൽവയൽ തണ്ണീർത്തട ചട്ടത്തിലെ 4- ാം ചട്ടപ്രകാരമാണ് ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നത്. ചട്ടപ്രകാരം തണ്ണീർത്തടങ്ങളുടെ കാര്യത്തിൽ വില്ലേജ് ഓഫീസറും, നെൽവയലുകളുടെ കാര്യത്തിൽ ബന്ധപ്പെട്ട കൃഷി ഓഫീസറുമാണ് ഡാറ്റാ ബാങ്ക് തയ്യാറാക്കേണ്ടത്. പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായ പ്രാദേശികതല നിരീക്ഷണ സമിതി ഇതു പരിശോധിച്ച് അപാകതകളില്ലെന്ന് ഉറപ്പു വരുത്തി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്കു നൽകേണ്ടതാണ്. പ്രാദേശികതല നിരീക്ഷണ സമിതി യഥാസമയം ഡാറ്റാ ബാങ്ക് തയ്യാറാക്കി നൽകാത്തതാണ് ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കാൻ വൈകുന്നതിനു കാരണം. |
| (ബി) | ഡാറ്റാ ബാങ്കുകൾ പൂർത്തിയാക്കാത്തത് ബോധപൂർവ്വമാണെന്നുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഡാറ്റാ ബാങ്കുകൾ പൂർത്തിയാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഡാറ്റാ ബാങ്ക് ഒത്തു നോക്കാനുള്ള ഉപഗ്രഹ ചിത്രങ്ങൾ വാങ്ങുന്നതിനുള്ള തുക ബജറ്റിൽ വകയിരുത്തി | (സി) | ഇല്ല. |

| | | | |
|---|---|---|---|
| | യിരുന്നോ; ഏങ്കിൽ എത്ര തുക-യാണ് ഇതിനായി വകയിരുത്തിയിരുന്നതെന്ന് വ്യക്തമാക്കാമോ ; | | |
| (ഡി) | പ്രസ്തുത തുക മുഴുവൻ ചെലവഴിച്ചിരുന്നോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ? | (ഡി) | ബാധകമല്ല.<br><br>സെക്ഷൻ ഓഫീസർ |